മെട്രോ മനോരമ

21 August 2019

# മണ്ണിനു പകരം നടീൽ മിശ്രിതം

കൊച്ചി • കൃഷി ചെയ്യാൻ ഗുണമേന്മയുള്ള മണ്ണു ലഭ്യമല്ലാത്തവർ വിഷമിക്കേണ്ട, മണ്ണില്ലാ നടീൽമിശ്രിതം തയാർ. ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം വികസിപ്പിച്ചെടുത്ത മിശ്രിതം ഉടൻ ലഭ്യമാകും. മണ്ണിനു പകരം ഉപയോഗിക്കാവുന്ന പോഷക സമ്പുഷ്ടമായ നടീൽമിശ്രിതമാണിത്. പഞ്ചസാര നിർമാണത്തിന്റെ ഉപോൽപന്നമായി ലഭിക്കുന്ന പ്രെസ്സ് മഡ് ജൈവിക വിഘടനം നടത്തി ചെടികൾക്ക് ആവശ്യമായ ജൈവ വളങ്ങളും ചേർത്താണ് ഈ മിശ്രിതം തയാറാക്കിയിരിക്കുന്നത്.

10 കിലോഗ്രാം പാക്കറ്റുകളിൽ സിഎംഎഫ്ആർഐയിലുള്ള കെവികെ വിപണന കേന്ദ്രത്തിൽ നിന്നു ലഭിക്കും. ഒരു പായ്ക്കറ്റിനു 125 രൂപയാണു വില. ഒരു ചെടി നടാൻ 10 കിലോഗ്രാം മിശ്രിതമാണു വേണ്ടത്. ഈ പാക്കറ്റുകളിൽ നേരിട്ടു ചെടികൾ നടാനാകും . പ്രത്യേകം ഗ്രോബാഗ് വേണമെന്നില്ല. മണ്ണില്ലാ നടീൽ മിശ്രിതം നിർമിക്കാൻ താൽപര്യമുള്ളവർക്കായി സംരംഭകത്വ വികസനപരിപാടിയും കെവികെ നടത്തുന്നുണ്ട്. വിവരങ്ങൾക്ക് : 8281757450

